## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 360 27.9..2011-ൽ മറുപടിക്ക്.

## റെയിൽവേ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ.സി.കെ നാണു | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട ഏതെല്ലാം റെയിൽവേ പദ്ധതികൾക്കാണ് കേന്ദ്രാനുമതി ലഭിക്കുവാൻ ബാക്കിയുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) യും (ബി)യും | പെനിൻസുലാർ റയിൽവേ സോൺ, പാലക്കാട് റയിൽകോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, തെക്ക് - വടക്ക് അതിവേഗ റയിൽ ഇടനാഴി, ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം, നേമം കോട്ടയം എന്നിവിടങ്ങളിലെ കോച്ചിംഗ് ഡിപ്പോകൾ, കൊച്ചുവേളി റയിൽവേ ടെർമിനൽ വികസനം, തിരുവനന്തപുരത്ത് റെയിൽവേ മെഡിക്കൽ കോളേജ്, തിരുവനന്തപുരത്ത് ബോട്ടിലിംഗ് പ്ലാന്റ്, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കോട്ടയം റയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നത്, ചെന്നൈ- ബാംഗ്ലൂർ - കോയമ്പത്തൂർ- എറണാകുളം അതിവേഗ ഡെഡിക്കേറ്റഡ് - കോറിഡോർ തിരുവനന്തപുരം വരെ നീട്ടുന്നത്, പഴയ എറണാകുളം ടെർമിനസ് സ്റ്റേഷൻ സബർബൻ ട്രെയിൻ ഹബ്ബായി പ്രവർത്തിപ്പിക്കുന്നത് തുടങ്ങിയ പദ്ധതികൾ അനുവദിക്കണമെന്ന് |
| (ബി) | കേന്ദ്രാനുമതി ലഭിച്ച് പ്രവർത്തി ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ? | | |

| | | |
|---|---|---|
| | | 19.9.2011 ന് സംസ്ഥാനം സന്ദർശിച്ച ബഹു. കേന്ദ്ര റയിൽവേ വകുപ്പ് മന്ത്രിയുമായി മുഖ്യമന്ത്രി നടത്തിയ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പാലക്കാട് റയിൽ കോച്ച് ഫാക്ടറിയുടെ തറക്കല്ലിടീൽ ചടങ്ങ് 22/10/2011 ന് തീരുമാനിക്കുകയും, ചേർത്തല വാഗൺ ഫാക്ടറിയുടെ തീരുമാനം ഉടനെടുക്കുമെന്നും തിരുവനന്തപുരത്ത് ഒരു സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് തുടങ്ങുമെന്നും, തിരുവനന്തപുരം - കന്യാകുമാരി വൈദ്യുതീകരണം 2011 ഡിസംബർ 31 ഓട് കൂടി പൂർത്തിയാക്കുമെന്നും യോഗത്തിൽ തീരുമാനിച്ചു. മറ്റ് പദ്ധതികൾക്കും അനുകൂല തീരുമാനങ്ങൾ പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ